# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4557 — 13-11-2019-ലെ മറുപടി

**ചിറക്കൽ - ചെറുപുഴ പദ്ധതിയുടെ നിർമ്മാണം**

ചോദ്യം
ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ

മറുപടി
കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | എടത്തിരുത്തി, കയ്പമംഗലം ഗ്രാമപഞ്ചായത്തുകളിലെ കൃഷിയിടങ്ങളിലേക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനും ഈ പഞ്ചായത്തുകളിലേക്ക് കടിവെള്ളം ലഭ്യമാക്കുന്നതിനും വേണ്ടി 2015ലെ എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് മുഖേന അനുവദിച്ച ചിറക്കൽ - ചെറുപുഴ പദ്ധതിയുടെ നിർമ്മാണം അതിന്റെ ആദ്യഘട്ടത്തിൽത്തന്നെ നിലച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ആദ്യ കരാറുകാരനെ ഒഴിവാക്കിയെങ്കിലും പുതിയ കരാറുകാരൻ ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | ഉണ്ട്. പുതിയ കരാറുകാരനെ കണ്ടെത്തുന്നതിനായി ശേഷിക്കുന്ന പണികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തി പുനക്രമീകരിക്കുന്നതിനിടയിൽ ആദ്യ കരാറുകാരൻ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും 25/09/2019ലെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 27/09/2019 ൽ 3.53 കോടി രൂപയുടെ ബാക്കി പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ആരും പങ്കെടുക്കാത്തതിനാൽ 28/10/2019 വരെ ടെണ്ടർ നീട്ടി നൽകിയിട്ടും കരാറുകാരുടെ പങ്കാളിത്തമുണ്ടാകാത്തതിനാൽ വീണ്ടും പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | ഇതിന്റെ നിർമ്മാണം ദ്രുതഗതിയിലാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ